**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5674** **16-03-2023 - ൽ മറുപടിയ്ക്ക്**

**ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ഇറിഗേഷൻ വകുപ്പിന്റെ സ്ഥലത്തെ മരം മുറിച്ചതിൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ചാവക്കാട് മൈനർ ഇറിഗേഷൻ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ 14.12.2021-ന് തന്റെ സെക്ഷന് കീഴിൽ വരുന്ന മണലൂർ ലിഫ്റ്റ് ഇറിഗേഷൻ മെയിൻ കനാലിന്റെ ഇടതുവശത്തെ കരയിൽ നിന്നിരുന്ന പുളി, പ്ലാവ്, മാവ് എന്നീ മരങ്ങൾ രഹസ്യമായി മുറിച്ച് കൊണ്ട് പോയതിനെ പറ്റി അന്തിക്കാട് പോലീസ് സ്റ്റേഷനിൽ നൽകിയിരുന്ന പരാതിയിൽ എടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ചാവക്കാട് മൈനർ ഇറിഗേഷൻ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ പരാതിയിൽ 14.12.2021-ൽ അന്തിക്കാട് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 836/2021 u/s 379 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് ബഹു.തൃശ്ശൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി -2 മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | മരം മുറിച്ച് കടത്തിയ വാഹനം കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ; | (ബി) | കണ്ടെത്തിയിട്ടില്ല. |
| (സി) | പ്രസ്തുത മരങ്ങൾ മുറിച്ച് കടത്തികൊണ്ട് പോയവർ ആരൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | (സി) | കേസിന്റെ സാക്ഷി മൊഴികളിൽ നിന്നും മരം മുറിച്ചത് തമിഴ് നാട് സ്വദേശികളാണെന്ന് അറിവായിട്ടുണ്ടെങ്കിലും അന്വേഷണത്തിൽ ഇവരെ കണ്ടെത്താൻ സാധിച്ചിട്ടില്ല. ടോണി, ജോർജ്ജ് എന്നീ വ്യക്തികളുടെ നിർദ്ദേശപ്രകാരമാണ് മരം മുറിച്ച് മാറ്റിയതെന്ന് ലഭിച്ച മൊഴിയുടെ അടിസ്ഥാനത്തിൽ ടി വ്യക്തികൾക്കെതിരെ ബഹു.തൃശ്ശൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-2 മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കുറ്റകൃത്യത്തിൽ ഏർപ്പെട്ടവർക്കെതിരെ എടുത്ത നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഡി) | അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടത്തിയവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി ബഹു. കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ